I/203969/2024

**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**
**<u>തിരുവനന്തപുരം</u>**

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സീനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് ലേ സെക്രട്ടറി & ട്രഷറർ / സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ഗസറ്റ് നോട്ടിഫിക്കേഷൻ നം. ഇഎസ്2 -22928/2023/ആ.വ.ഡ., തീയതി: 19/04/2024.

**<u>ഉത്തരവ് നം : ആ.വ.ഡ./10082/2024/-ഇ.ഡി.3, തീയതി: 06-05-2024</u>**

താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശം (1) പ്രകാരമുള്ള 2024 -ലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതുമായ സീനിയറായ ജൂനിയർ സൂപ്രണ്ടുമാരെ 51,400 – 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ 28(b)(i) പ്രകാരം ലേ സെക്രട്ടറി & ട്രഷറർ/ സീനിയർ സൂപ്രണ്ട് (ഗസറ്റഡ് വിഭാഗം) ആയി ഉദ്യോഗക്കയറ്റം നൽകി ടി ജീവനക്കാരുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര്, പെൻ, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | നിയമിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|
| 1. | 4 | ശ്രീ. മുരളി മനോഹർ പ്രസാദ് പി PEN: 367181, സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി, കോഴിക്കോട് | 21/05/1972 | ലേ സെക്രട്ടറി & ട്രഷറർ ഗവണ്മെന്റ് ജനറൽ ആശുപത്രി, കോഴിക്കോട് (സ്ഥാനക്കയറ്റം മുഖേന ഉണ്ടായ ഒഴിവിൽ) |
| 2. | 5 | ശ്രീ. എസ് എൽ സലീൽ, PEN: 207931, ജില്ലാ ആശുപത്രി, കൊല്ലം | 05/12/1972 | ലേ സെക്രട്ടറി & ട്രഷറർ താലൂക് ആസ്ഥാന ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം.(ശ്രീ. അഹമ്മദ് സബീർ എ - യ്ക്ക് സ്ഥലം മാറ്റം നൽകിയിരുന്ന ഒഴിവിൽ) |

| | | | | |
|---|---|---|---|---|
| 3. | 7 | ശ്രീ. വർഗ്ഗീസ് ഇ ജെ, PEN: 235883, ജനറൽ ആശുപത്രി, മൂവാറ്റുപുഴ, എറണാകുളം | 18/05/1969 | ലേ സെക്രട്ടറി & ട്രഷറർ സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രി, മട്ടാഞ്ചേരി, എറണാകുളം (വിരമിക്കൽമൂലം ഉണ്ടായ ഒഴിവിൽ) |
| 4. | 8 | ശ്രീമതി. സന്ധ്യാമോൾ ഒ കെ, PEN: 353137, ജില്ലാ മെഡിക്കൽ ഓഫീസ്(ആരോഗ്യം), എറണാകുളം | 10/09/1974 | ലേ സെക്രട്ടറി & ട്രഷറർ, ജില്ലാ ആശുപത്രി, കൊല്ലം (സ്ഥാനക്കയറ്റം മുഖേന ഉണ്ടായ ഒഴിവിൽ) |
| 5. | 9 | ശ്രീ. ദിലീപ് കുമാർ പി എസ്, PEN: 302481, ജനറൽ ആശുപത്രി, കോട്ടയം | 06/01/1976 | സീനിയർ സൂപ്രണ്ട്, ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം( ശ്രീ. രാജീവ് ആർ - ന് സ്ഥലംമാറ്റം നൽകിയിരുന്ന ഒഴിവിൽ) |
| 6. | 10 | ശ്രീമതി. ദീപ വി, PEN: 237252, ജനറൽ ആശുപത്രി, ആലപ്പുഴ | 20/04/1974 | ലേ സെക്രട്ടറി & ട്രഷറർ ജനറൽ ആശുപത്രി, നെയ്യാറ്റിൻകര, തിരുവനന്തപുരം ( ശ്രീമതി. മായ കെ എസ് - ന് സ്ഥലംമാറ്റം നൽകിയിരുന്ന ഒഴിവിൽ) |
| 7 | 11 | ശ്രീമതി. മേരി ലിറ്റിൽ സി വൈ, PEN: 237025, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആലപ്പുഴ | 18/05/1976 | ലേ സെക്രട്ടറി & ട്രഷറർ, താലൂക് ആസ്ഥാന ആശുപത്രി, റാന്നി, പത്തനംതിട്ട (ശ്രീമതി. മഞ്ജു എം ആർ - ന് സ്ഥലംമാറ്റം നൽകിയിരുന്ന ഒഴിവിൽ) |

2. സ്ഥാനക്കയറ്റം നൽകിയ മേൽ ജീവനക്കാരെ പകരം ഉദ്യോഗസ്ഥൻ ജോലിയ്ക്ക് ഹാജരാകുന്നത് കണക്കാക്കാതെ സ്ഥാപന മേധാവി അടിയന്തിരമായി വിടുതൽ ചെയ്യേണ്ടതാണ്. 2024 ലോക്സഭാ ഇലക്ഷൻ സംബന്ധിച്ച പെരുമാറ്റച്ചട്ടം നിലനിൽ ക്കുന്നതിനാലും, 2024 -ലെ പൊതുസ്ഥലംമാറ്റ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും, സീനിയർ ആയ സീനിയർ സൂപ്രണ്ട് / ലേ സെക്രട്ടറി

& ട്രഷറർ തസ്തികയിലെ ജീവനക്കാരുടെ സ്ഥലംമാറ്റ അപേക്ഷകൾ മേൽ പ്രകാരം ഉള്ള ഒഴിവുകളിലേക്ക് പരിഗണിക്കാൻ സാധിച്ചിട്ടില്ല. ആയതിനാൽ പെരുമാറ്റച്ചട്ടം അവസാനിക്കുന്നമുറയ്ക്കും, പൊതുസ്ഥലംമാറ്റം സംബന്ധിച്ചതും അല്ലാതെയുമുള്ള അപേക്ഷകൾ പരിഗണിക്കുന്ന മുറയ്ക്കും ടി ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

3. നിലവിൽ മേൽപ്പറഞ്ഞ 7 ജീവനക്കാർക്ക് 2024 ലോക്സഭാ ഇലെക്ഷൻ ഡ്യൂട്ടി ലഭിച്ചിട്ടില്ല. പക്ഷെ 2024 ലോക്സഭാ ഇലെക്ഷനുമായി ബന്ധപ്പെട്ടു ഏതെങ്കിലും തരത്തിൽ ഡ്യൂട്ടി വരികയാണെങ്കിൽ ഈ പ്രൊമോഷൻ ലഭിച്ചു എന്നത് കണക്കിലെടുക്കാതെ ബന്ധപ്പെട്ട സ്റ്റേഷനുകളിൽ അവർ നിർബന്ധമായും ഇലക്ഷൻ ഡ്യൂട്ടി നിർവഹിക്കേണ്ടതാണ്.

4. മേൽ ഉദ്യോഗസ്ഥർ സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്. ടി ജീവനക്കാർ യഥാസമയം ആർ.റ്റി.സി. സമർപ്പിക്കേണ്ടതാണ്.

Signed by
Dr Reena K J
Date: 06-05-2024 14:06:48

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്: എല്ലാ ജീവനക്കാർക്കും

പകർപ്പ് :
1. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
2. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ/ സ്ഥാപനമേധാവികൾ
4. ഫയൽ/കരുതൽ ഫയൽ.